**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

## പോലീസ് കോൺസ്റ്റബിൾ നിയമനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2891 10/05/2017-ൽ മറുപടിക്ക്**

**ചോദ്യം**

ശ്രീ.കെ. ബാബു

**മറുപടി**

**പിണറായി വിജയൻ**

**(മുഖ്യമന്ത്രി)**

**ചോദ്യം (എ)** സംസ്ഥാനത്ത് നിലവിലുള്ള പോലീസ് കോൺസ്റ്റബിൾ പുരുഷ-വനിത റാങ്ക് ലിസ്റ്റുകളിൽ നിന്നും നാളിതുവരെ എത്ര ഉദ്യോഗാർത്ഥികൾക്കാണ് നിയമനം നൽകിയിട്ടുള്ളത് എന്ന് വിശദമാക്കുമോ;

**മറുപടി (എ)** 2016 ജനുവരി മുതൽ നാളിതുവരെ പുരുഷ-വനിത റാങ്ക് ലിസ്റ്റുകളിൽ നിന്നും നിയമനം ലഭിച്ച ഉദ്യോഗാർത്ഥികളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| ബറ്റാലിയൻ | നിയമന ശിപാർശ | |
|---|---|---|
| | സിവിൽ പോലീസ് ഓഫീസർ | വനിതാ സിവിൽ പോലീസ് ഓഫീസർ |
| SAP | 482 | 13 |
| KAP I | 217 | 43 |
| KAP II | 595 | 59 |
| KAP III | 383 | 86 |
| KAP IV | 376 | 64 |
| KAP V | 250 | 42 |
| MSP | 198 | 66 |
| Total | 2501 | 373 |

**ചോദ്യം (ബി)** ഈ റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിച്ച് പരമാവധി ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; ഇത് സംബന്ധിച്ച വിശദാംശം നൽകുമോ?

**മറുപടി (ബി)** ഒഴിവുകളുടെ എണ്ണം തിട്ടപ്പെടുത്തി പരമാവധി ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ